കണ്ടെയ്നർ കാർഗോ കയറ്റി അയയ്ക്കുന്ന തുറമുഖങ്ങളുടെ പട്ടികയിൽ നിന്ന് കൊച്ചിയെ ഒഴിവാക്കിയ സംഭവം

149 (2112) ശ്രീ. എം. മുരളി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. കെ. ബാബു :
ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടെയ്നർ കാർഗോ കയറ്റി അയയ്ക്കുന്ന തുറമുഖങ്ങളുടെ പട്ടികയിൽ നിന്നും കൊച്ചിയെ ഒഴിവാക്കിയിട്ടുണ്ടോ ;

(ബി) കൊച്ചിയിൽ നിന്ന് പ്രതിവർഷം എത്ര കണ്ടെയ്നറുകളാണ് കയറ്റി അയച്ചിരുന്നത് ;

(സി) കണ്ടെയ്നർ കയറ്റുമതിയിൽ ഓരോ വർഷവും കൊച്ചി തുറമുഖത്തിന് എന്തു പുരോഗതിയുണ്ടായിരുന്നുവെന്നും കണ്ടെയ്നർ കയറ്റുമതിയിൽ നിന്ന് കൊച്ചി തുറമുഖത്തിന് പ്രതിവർഷം എന്തു തുക കിട്ടിയിരുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2000-2001-ൽ 73894 TEUs

2002-2003-ൽ 86031 TEUs

(Twenty Tonne Equivalent Units) കയറ്റി അയച്ചിട്ടുണ്ട്.

(സി) 2001-2002 വർഷത്തിൽ 8.3 ശതമാനവും 2002-03-ൽ 7.7 ശതമാനവും പുരോഗതി ഉണ്ടായി. 2000-2001-ൽ 3575.63 ലക്ഷം രൂപയും 2001-02-ൽ 3899.10 ലക്ഷം രൂപയും 2002-2003-ൽ 4452.46 ലക്ഷം രൂപയും കിട്ടിയിരുന്നു.

ചിത്രങ്ങൾ, സ്റ്റിക്കറുകൾ എന്നിവ സർക്കാർ ഓഫീസുകളിലും സർക്കാർ വാഹനങ്ങളിലും പ്രദർശിപ്പിക്കുന്ന നടപടി

150 (2113) ശ്രീ വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആൾദൈവങ്ങളുടെ ചിത്രങ്ങൾ, സ്റ്റിക്കറുകൾ എന്നിവ സർക്കാർ ഓഫീസുകളിലും സർക്കാർ വാഹനങ്ങളിലും പ്രദർശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം നടപടികൾ മതേതര വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഇത് പാടില്ലെന്ന് നിഷ്ക്കർഷിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) പരിശോധിച്ചു മറുപടി നൽകുന്നതാണ്.

പോലീസ് വകുപ്പിന്റെ നവീകരണത്തിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക

151 (2136) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് വകുപ്പിന്റെ നവീകരണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകകൊള്ളിച്ചിട്ടുള്ളത് ; ഇതിൽ കേന്ദ്രത്തിന്റേയും സംസ്ഥാനത്തിന്റേയും വിഹിതം എത്ര വീതമാണെന്ന് അറിയിക്കുമോ ;

(ബി) പോലീസ് നവീകരണത്തിന്റെ പരിപാടികൾ ഏതെല്ലാമാണെന്നും അതിന് ഓരോന്നിനും പ്രത്യേകമായി വകകൊള്ളിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തിൽ കാറുകൾ, ജീപ്പുകൾ, വാനുകൾ, മറ്റ് വലിയ വാഹനങ്ങൾ, ബൈക്കുകൾ എന്നിവ വാങ്ങുന്നതിന് എത്ര രൂപ വീതം വകയിരുത്തിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഈ ഇനത്തിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് വകകൊള്ളിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) പോലീസ് വകുപ്പിലെ കോൺസ്റ്റബിൾമാർക്ക് അനുവദിച്ചിട്ടുള്ള ക്വാർട്ടേഴ്സുകളുടെയും ഫ്ളാറ്റുകളുടെയും ഇപ്പോഴത്തെ സ്ഥിതി തൃപ്തികരമല്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസ് വകുപ്പിന്റെ നവീകരണത്തിനായി ഈ വർഷം 80 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇതിൽ കേന്ദ്ര വിഹിതം 60 കോടിയും സംസ്ഥാന വിഹിതം 20 കോടിയുമാണ്.

(ബി) 2003-2004 വർഷത്തെ പോലീസ് നവീകരണപദ്ധതിക്കായി 75.68 കോടി രൂപയുടെ ഒരു ആക്ഷൻ പ്ലാൻ അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ പദ്ധതി വിഹിതം 63 കോടി രൂപ മാത്രമാണ്. പ്രസ്തുത ആക്ഷൻ പ്ലാനിന്മേൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly